**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 928** **26-07-2021 - ൽ മറുപടിയ്ക്ക്**

**തോട്ടഭൂമി തരംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തോട്ടഭൂമി തരംമാറ്റി ക്വാറികൾക്ക് നിയമവിരുദ്ധമായി ഖനന ലീസ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

| ജില്ല | |
|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം ജില്ലയിൽ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഒഴിവനുവദിച്ച് തോട്ടഭൂമി തരം മാറ്റി ക്വാറികൾക്ക് നിയമവിരുദ്ധമായി ഖനനലീസ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| കൊല്ലം | തോട്ടഭൂമി തരംമാറ്റി ക്വാറികൾക്ക് നിയമവിരുദ്ധമായി ഖനന ലീസ് നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. |
| പത്തനംതിട്ട | അടൂർ, തിരുവല്ല, റാന്നി, മല്ലപ്പള്ളി, കോഴഞ്ചേരി എന്നീ താലൂക്കുകളിൽ തോട്ടഭൂമി തരംമാറ്റി ക്വാറികൾക്ക് നിയമവിരുദ്ധമായി ഖനന ലീസ് നൽകിയിട്ടില്ല.<br>കോന്നി താലൂക്കിൽ തോട്ടഭൂമി തരം മാറ്റി ക്വാറികൾക്ക് നിയമ വിരുദ്ധമായി ഖനന ലീസിന് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും എന്നാൽ മിച്ചഭൂമിയിൽ നിന്നും പ്ലാന്റേഷനുകൾക്ക് ഇളവ് ലഭിച്ച സ്ഥലത്ത് ക്വാറികൾ പ്രവർത്തിക്കുന്നുണ്ടോയെന്നും പരിശോധിച്ചുവരുന്നതായും കോന്നി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ആലപ്പുഴ | ആലപ്പുഴ ജില്ലയിൽ തോട്ടഭൂമികളോ, ക്വാറികളോ ഒന്നും തന്നെ ഇല്ല. |
| കോട്ടയം | തോട്ടഭൂമി തരംമാറ്റി ക്വാറികൾക്ക് നിയമവിരുദ്ധമായി ഖനന ലീസ് നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. |
| ഇടുക്കി | ഇടുക്കി ജില്ലയിൽ തോട്ടഭൂമി തരംമാറ്റി ക്വാറികൾക്ക് നിയമവിരുദ്ധമായി ഖനനലീസ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| എറണാകുളം | തോട്ടഭൂമി തരംമാറ്റി ക്വാറികൾക്ക് നിയമവിരുദ്ധമായി ഖനന ലീസ് നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. |
| തൃശ്ശൂർ | തൃശ്ശൂർ ജില്ലയിൽ തലപ്പള്ളി താലൂക്കിൽ പഴയന്നൂർ വില്ലേജിൽ സർവ്വെ നമ്പർ 1853/1, 1854, 1856, 1857, 1858, 1860/1 എന്നിവയിൽ ഉൾപ്പെട്ട 2.8936 ഹെക്ടർ സ്ഥലത്ത് നിള മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നതായും റബ്ബർ പ്ലാന്റേഷൻ എന്ന നിലയിൽ സീലിംഗ് പരിധിയിൽ ഇളവ് ലഭിച്ചിട്ടുള്ള ഭൂമിയായതിനാൽ ടി ഭൂമിയ്ക്ക് വീണ്ടും ഭൂപരിഷ്കരണ നിയമം 81(1)q പ്രകാരം ക്വാറി നടത്തുന്നതിന് ഇളവ് അനുവദിക്കാൻ നിർവ്വാഹം ഇല്ലെന്നു കാണിച്ച് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന്റെ എസ്.എം.1/15/TPY (LR6-1170/14) തീയതി 02.08.17 ആയി ഉത്തരവ് ഉള്ളതും ടി ഉത്തരവിനെതിരെ നിള മെറ്റൽസ് എന്ന സ്ഥാപനം കേരള ഹൈക്കോടതിയിൽ WPC-28297/2017(ജെ) നമ്പരായി പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും 31.08.2017 തീയതിയായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റാറ്റസ് കോ ഉത്തരവായിട്ടുള്ളതുമാണ്. |

| | |
|---|---|
| | ഈ ജില്ലയിൽ മറ്റു താലൂക്കുകളിൽ നിന്നും ഇത്തരത്തിൽ കേസുകളൊന്നുമില്ലാത്തതാണ്. |
| പാലക്കാട് | തോട്ടഭൂമി തരംമാറ്റി ക്വാറികൾക്ക് നിയമവിരുദ്ധമായി ഖനന ലീസ് നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. |
| മലപ്പുറം | തോട്ടഭൂമി തരംമാറ്റി ക്വാറികൾക്ക് നിയമവിരുദ്ധമായി ഖനനലീസ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| കോഴിക്കോട് | തോട്ടഭൂമി തരം മാറ്റി ക്വാറികൾക്ക് നിയമവിരുദ്ധ മായി ഖനനലീസ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| വയനാട് | ജില്ലയിലെ വൈത്തിരി താലൂക്ക് പരിധിയിൽ വെങ്ങപ്പള്ളി വില്ലേജിൽ നിലവിൽ രണ്ട് ക്വാറികൾ ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെങ്ങപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വെ നമ്പർ 236/1, 544/1, 545/1 എന്നിവയിൽപ്പെട്ട ടി ഭൂമി കേരള ഭൂപരിഷ്കരണ നിയമത്തിൽ ഉൾപ്പെട്ടതായി കാണുന്നു. ടി വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വെ നമ്പർ 591, 592/2 എന്നീ ഭൂമിയും ഉൾപ്പെടുന്നു. വൈത്തിരി താലൂക്കിൽ M/s വയനാട് മെറ്റൽസ് എന്ന സ്ഥാപനം തരം മാറ്റിയ വേങ്ങാപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 10 റീസർവ്വെ നമ്പർ 100/2-ൽ പ്പെട്ട 0.1892 ഹെക്ടർ ഭൂമി സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് 23.09.2020 ലെ എൽ.ബി(ബി12)-11170/2019 നമ്പർ പ്രകാരം സ്റ്റേറ്റ് ലാൻഡ് ബോർഡിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടെന്നും നിലവിലെ കോവിഡ് നിയന്ത്രണങ്ങൾ മാറി താലൂക്ക് ലാൻഡ് ബോർഡ് സിറ്റിംഗ് പുനരാരംഭിച്ചാലുടൻ നടപടി സ്വീകരിക്കുന്നതാണെന്നും ചെയർമാൻ & സബ്കളക്ടർ അറിയിച്ചിട്ടുള്ള താണ്. |
| കണ്ണൂർ | തോട്ടഭൂമി തരം മാറ്റി നിയമവിരുദ്ധമായി ഖനനലീസ് നല്കിയിട്ടില്ല. |
| കാസർഗോഡ് | തോട്ടഭൂമി തരം മാറ്റി ക്വാറികൾക്ക് നിയമവിരുദ്ധമായി ഖനനലീസ് നൽകിയിട്ടില്ല. |